# KOLLAM CITY POLICE

www.kollamcity.keralapolice.gov.in
www.facebook.com/citypolicekollam/
www.twitter.com/KlmCityPolice

Date : 14.08.2018

## പോലീസ് അസോസിയേഷന്റെ നേതൃത്വത്തിൽ ശ്രീകല അനുസ്മരണവും ഛായചിത്രം അനാച്ഛാദനവും




പ്രീയപ്പെട്ടവരുടെ മരണം എന്നും ദു:ഖവും വിരഹവുമാണ് പോലീസ് സേനയെ അഗാധമായ ദു:ഖത്തിലേക്ക് നയിച്ച വലിയ നഷ്ടമായിരുന്നു അമ്പലപ്പുഴ കരൂറിൽ 2018 ജൂലൈ മാസം 27-ാം തീയതി രാവിലെ നടന്ന വാഹനപകടത്തിൽ പൊലിഞ്ഞ മൂന്ന് ജീവനുകൾ. ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായി യാത്രചെയ്യവെ എതിരെ വന്ന ചരക്ക് വാഹനവുമായി കൂട്ടിയിടിച്ചാണ് നമ്മെ ദു:ഖത്തിലാഴ്ത്തിയ അപകടമു ായത്.

ഏറ്റെടുത്ത കർമ്മങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നതിനിടെ ജീവൻ



വെടിഞ്ഞവരെ നാം എന്നും ഓർമ്മിക്കണമെന്ന് മന്ത്രി മേഴ്സികുട്ടിയമ്മ. ജോലിയുടെ ഭാഗമായി വാഹന അപകടത്തിൽ മരിച്ച കൊട്ടിയം പോലീസ് സ്റ്റേഷനിലെ വനിത സി.പി.ഒ ശ്രീകല ഡ്രൈവർ നൗഫൽ എന്നിവരെ അനുസ്മരിക്കാൻ ജില്ലാ പോലീസ് അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തിയ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. കെ.പി.എ ജില്ലാ പ്രസിഡന്റ് അജിത് കുമാർ അദ്ധ്യക്ഷത വഹിച്ച അനുസ്മരണ സമ്മേളനത്തിൽ ഛായചിത്രം സിറ്റി പോലീസ് കമ്മീഷണർ ഡോ. അരുൾ ആർ.ബി കൃഷ്ണ IPS അനാച്ഛാദനം നിർവ്വഹിച്ചു.

അനുസ്മരണ സമ്മേളനത്തിൽ നെടുംമ്പന പഞ്ചായത്ത് പ്രസിഡന്റ് എസ്. നിസാറുദ്ദീൻ, കെ.പി.ഒ.എ സംസ്ഥാന ജോയിന്റ് സെക്രട്ടറി പ്രേം ജി.കെ. നായർ കൊല്ലം ചാത്തന്നൂർ എ.സി.പിമാരായ എ.പ്രദീപ് കുമാർ, ജവഹർ ജനാർദ്ദ് ആദിച്ചനല്ലൂർ പഞ്ചായത്ത് സ്ഥിരം സമിതി അദ്ധ്യക്ഷൻ ആർ സാജൻ, കൊട്ടിയം സി.ഐ ബി. അജയ്നാഥ്, മർച്ചന്റ് അസോസിയേഷൻ സെക്രട്ടറി ഗിരീഷ് കരിക്കട്ടഴികം, കെ.പി.എ സംസ്ഥാന ട്രഷറർ എസ്. ഷൈജു, കെ.പി.എ ജില്ലാ സെക്രട്ടറി ജിജു.സി.നായർ, കൊട്ടിയം പൗരസമിതി സെക്രട്ടറി വിപിൻ ചന്ദ്രറോയ്, എസ്.ആർ. ഷിനോദാസ് എന്നിവർ സംസാരിച്ചു.

കൊട്ടിയം പോലീസ് സ്റ്റേഷനിൽ നിന്നും ജോലിയുടെ ഭാഗമായി 2018 ജൂലൈ മാസം 27-ാം തീയതി എറണാകുളത്ത് നിന്നും തിരിച്ച് വരവെ പ്രീയപ്പെട്ട സഹപ്രവർത്തകയെ വാഹന അപകട രൂപത്തിൽ നമുക്ക് നഷ്ടമായി. ഏൽപ്പിച്ച ചുമതലകളെല്ലാം കുറ്റമറ്റ രീതിയിൽ നിറവേറ്റിയ സഹപ്രവർത്തകയുടെ വേർപാട് തീർത്ത ശൂന്യത അങ്ങനെ തന്നെ അവശേഷിക്കുകയാണ്. അർപ്പന മനോഭാവത്തോടെയും ത്യാഗസന്നദ്ധതയോടെയുള്ള ഈ ആത്മസമർപ്പണത്തെ സ്മരിക്കുന്നു.

"മഹതേ സ്വീകരിക്കുക ഈ അവസാന സല്യൂട്ട്

അഭിമാനത്തിന്റെ കണ്ണുകളാൽ, ഉറച്ച കരങ്ങളാൽ,

ഇനിയുണങ്ങാത്ത ഞങ്ങളുടെ

മുറിവേറ്റ ഹൃദയങ്ങളാൽ….."